# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4778

19/05/2017 -ൽ മറുപടിയ്ക്ക്.

## തീറ്റപ്പുൽകൃഷി വിപുലീകരിക്കാൻ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. എം.വിൻസെന്റ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| | **ഉത്തരം** |
| (എ) ഈ സർക്കാർ സംസ്ഥാനത്ത് തീറ്റപ്പുൽകൃഷി വിപുലീകരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;വിശദീകരിക്കുമോ; | (എ) ക്ഷീരകർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. തീറ്റപ്പുല്ലിന്റെ ഉല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് സാന്ദ്രീകൃത കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പാലുല്പാദനചെലവ് കുറയ്ക്കുന്നതിനുമായി തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിനായി 94 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 87.480/-ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br>തീറ്റപ്പുൽകൃഷിയുടെ പ്രാധാന്യം ഉൾക്കൊണ്ട് കൊണ്ട് 2016 നവംബർ 26 മുതലുള്ള 1 വർഷക്കാലം തീറ്റപ്പുൽകൃഷി വർഷാചരണമായി ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി തീറ്റപ്പ ുൽകൃഷിയുടെ പ്രാധാന്യംകർഷകരിലെത്തിക്കുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു. സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ വ്യക്തികൾവശം |

തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ത്രിതല പഞ്ചായത്തുകൾ, ക്ഷീരസംഘങ്ങൾ എന്നിവരുടെ സഹകരണത്തോടെ സ്വാശ്രയ ഗ്രൂപ്പുകളെകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി 94 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് 87.488/-ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2017-2018 വർഷത്തിൽ ആകെ 6 കോടി രൂപ തീറ്റപ്പുൽകൃഷി വികസന പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 2017 ഏപ്രിൽ 1 മുതൽ തന്നെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തീറ്റപ്പുൽകൃഷി വിപുലീകരിക്കുവാൻ വേണ്ടി മിൽമയുടെ മേഖലാ യൂണിയനുകൾ വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയത്;വിശദാംശങ്ങൾ നൽകുമോ;

(ബി) തീറ്റപ്പുൽകൃഷി വികസന പദ്ധതികളുടെ ഭാഗമായി ക്ഷീരകർഷകർക്ക് താഴെ പറയുന്ന സഹായങ്ങളാണ് പ്രധാനമായും നൽകുന്നത്.

1. 20 സെന്റിന് മുകളിൽ പുൽകൃഷി ചെയ്യുന്ന കർഷകർക്ക് സൗജന്യമായി പുൽകടകൾ ഉൾപ്പെടെ കൃഷിചെയ്യാനായി ഹെക്ടറിന് 20,000/- രൂപ ധനസഹായം നൽകുകയും ചെയ്യുന്നു.
2. തീറ്റപ്പുൽകൃഷി ചെയ്യുന്നതിനായി മുന്നോട്ടുവരുന്ന എല്ലാ കർഷകർക്കും സൗജന്യമായി ആവശ്യാനുസരണം പുൽക്കടകൾ ലഭ്യമാക്കുന്നു.

3. വൻപയർ, ചോളം, കാലിത്തീറ്റ വൃക്ഷ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് സൗജന്യമായി നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നു.
4. അസോള കൃഷി ചെയ്യുന്നതിന് യൂണിറ്റിന് കൃഷി ചെലവിനായി വിത്തിന്റെ വില ഉൾപ്പെടെ 600/-രൂപ ധനസഹായം നൽകുന്നു.
5. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നതിന് 10,000/-രൂപ വരെ ധനസഹായം നൽകി വരുന്നു.
6.ക്ഷീരസംഘങ്ങൾ മുഖേന അഞ്ചോ അതിൽ കൂടുതലോ വനിതകളെ ഉൾപ്പെടുത്തി ഗോപാലിക ഗ്രൂപ്പുകൾ രൂപീകരിച്ച് 1 ഏക്കറിൽ കറയാത്ത സ്ഥലത്ത് തീറ്റപ്പുൽകൃഷി ചെയ്യുന്നതിനും ഉൽപാദിപ്പിക്കുന്ന തീറ്റപ്പുല്ല് കർഷകർക്ക് കുറഞ്ഞ നിരക്കിൽ സംഘം മുഖേന വിപണനം നടത്തുന്നതിന് 75000/-രൂപ ധനസഹായം നൽകി വരുന്നു.
7. തീറ്റപ്പുൽകൃഷിയുമായി ബന്ധപ്പെട്ട യന്ത്രവൽക്കരണത്തിനായി 10,000/- രൂപ വരെ ധനസഹായം നൽകി വരുന്നു.

(സി) എന്തെല്ലാം കേന്ദ്ര സഹായമാണ് ടി (സി) പദ്ധതിക്ക് ലഭിക്കുന്നതെന്ന് വിവരിക്കുമോ?

തീറ്റപ്പുൽകൃഷിക്കായി കേന്ദ്രസഹായങ്ങളൊന്നും ലഭിക്കുന്നില്ല.

സെക്ഷൻ ഓഫീസർ.